**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3320** | **13-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് വിദേശത്ത്‌വെച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് സംസ്ഥാനത്തിന് പുറത്തോ വിദേശത്തോ വച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ ലഭിക്കാൻ അർഹതയുണ്ടോ; | (എ) | കോവിഡ് ബാധിച്ച അന്യസംസ്ഥാനത്തു വച്ച് മരണപ്പെട്ടവർക്ക് ആ സംസ്ഥാനത്തു നിന്ന് ധനസഹായം ലഭ്യമാകുന്നില്ലെങ്കിൽ, 13.01.2022 ലെ സ.ഉ(സാധാ)നം 34/2022-ഡിഎംഡി സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കാം. കോവിഡ് ബാധിച്ച് വിദേശത്തു വച്ച മരണപ്പെട്ടവരുടെ ആശ്രിതർക്ക് കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായം ലഭിക്കാൻ നിലവിൽ അർഹതയില്ല. |
| (ബി) | ഇത്തരത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കോവിഡ് മരണം മൂലമുള്ള ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുകയോ കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ് , മരണ സർട്ടിഫിക്കറ്റ്, എന്നിവ കൂടാതെ ആശ്രിതനാണെന്ന് തെളിയിക്കുന്ന രേഖ, അപേക്ഷകന്റെ ആധാർ കാർഡ്, റേഷൻ കാർഡ് , ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ് എന്നിവ സമർപ്പിക്കുകയാണെങ്കിൽ ഇവ പരിശോധിച്ച് Covid Ex gratia തുകയായ 50,000/- രൂപ അനുവദിക്കാൻ അതാത് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ